(എ) ലോട്ടറി സംബന്ധിച്ച ചട്ടങ്ങൾ ലംഘിച്ച് സംസ്ഥാനത്ത് വില്പന നടത്തിയ അന്യസംസ്ഥാന ലോട്ടറികൾ ഈ സർക്കാരിന്റെ ഇതുവരെയുള്ള കാലയളവിൽ എത്ര കോടി രൂപ സംസ്ഥാനത്തുനിന്നും ചൂഷണം ചെയ്തിട്ടുണ്ട് എന്നാണ് കണ്ടെത്തിയിട്ടുള്ളത് ;

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) വില്ക്കാത്ത ടിക്കറ്റിന്റെ സമ്മാനം ലോട്ടറി പ്രൊമോട്ടർമാർ സ്വന്തമായി എടുക്കുന്നത് കള്ളപ്പണം വെളിപ്പിക്കുന്നതിനാണെന്ന വസ്തുതയെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നുവോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്ന കേന്ദ്ര ഏജൻസികളെക്കൊണ്ട് ഇത്തരം കാര്യങ്ങൾ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവോ ;

(ഇ) എങ്കിൽ ഈ കാര്യത്തിൽ എന്തൊക്കെ അന്വേഷണങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് ഔദ്യോഗിക വിവരങ്ങൾ ലഭ്യമല്ല.

(ബി) ബാധകമല്ല.

(സി&ഡി) ഇല്ല.

(ഇ) ബാധകമല്ല.

അന്യസംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കുന്നതിനും നിയമലംഘനം തടയുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ

186 (200) ശ്രീമതി കെ. കെ. ലതിക :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. സാജു പോൾ :
ശ്രീ. ജോർജ് എം. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കുന്നതിനും നിയമലംഘനം തടയുന്നതിനുമായി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച് പുറപ്പെടുവിച്ച ഓർഡിനൻസിനെ ചോദ്യം ചെയ്തതുകൊണ്ടുള്ള ഹർജിയിൽ കോടതിയുടെ ഉത്തരവ് എന്തെന്ന് വ്യക്തമാക്കുമോ ;

(സി) ലോട്ടറി ചട്ടലംഘനത്തിനെതിരെ നടപടിയെടുക്കുന്നതിനുള്ള അധികാരം സംബന്ധിച്ച് കോടതിയുടെ നിരീക്ഷണം എന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ ലോട്ടറി വിമുക്തമേഖലയാക്കിയാൽ മാത്രമേ അന്യസംസ്ഥാന ലോട്ടറി നിരോധിക്കാൻ സംസ്ഥാനത്തിന് അധികാരമുള്ളു എന്ന നിരീക്ഷണം സംബന്ധിച്ച് പ്രതികരണം എന്താണ് ;

(ഇ) ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന തുടർ നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) അന്യസംസ്ഥാന ലോട്ടറികൾ 1998-ലെ കേന്ദ്ര ലോട്ടറീസ് (റെഗുലേഷൻ) ആക്ടിന്റെ സെക്ഷൻ 4-ന് വിരുദ്ധമായി നടത്തിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ഇതുസംബന്ധിച്ച് സർക്കാർ 2006-ൽ വിജിലൻസ് അന്വേഷണം നടത്തുകയുംചെയ്തു. വിജിലൻസ് അന്വേഷണത്തിൽ നിയമലംഘനം വ്യക്തമായതിനെതുടർന്ന് അന്യസംസ്ഥാന ലോട്ടറികളുടെ രജിസ്ട്രേഷൻ റദ്ദാക്കാൻ നോട്ടീസ്നൽകി. എന്നാൽ ഇതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല എന്നായിരുന്നു കോടതിവിധി. സാധ്യമായ എല്ലാ അവസരങ്ങളിലും ഇവരിൽ നിന്നുമുള്ള നികുതി സ്വീകരിക്കാൻ വിസമ്മതിക്കുകയും നിയമവിരുദ്ധം നടത്തുകയുംചെയ്തിട്ടുണ്ട്. കേന്ദ്ര ലോട്ടറി നിയന്ത്രണനിയമത്തിന്റെ ലംഘനത്തിനെതിരെ നടപടി സ്വീകരിക്കാനുള്ള അധികാരം കേന്ദ്ര സർക്കാരിനാണെന്ന് കോടതികൾ ആവർത്തിച്ച് വ്യക്തമാക്കിയ പശ്ചാത്തലത്തിൽ താഴെപ്പറയുന്ന കത്തുകൾപ്രകാരം ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്.

1. ബഹു. മുഖ്യമന്ത്രി 10-11-2006-ലെ അർദ്ധ ഔദ്യോഗികകത്ത് നമ്പർ 15055/എച്ച്1/06/നിവ. പ്രകാരം അന്യസംസ്ഥാന ലോട്ടറികളുടെ നിയമലംഘനം വിജിലൻസ് റിപ്പോർട്ട് സഹിതം കേന്ദ്ര ആഭ്യന്തരമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

2. 12-1-2007, 12-6-2007 എന്നീ തീയതികളിലെ അർദ്ധ ഔദ്യോഗികകത്ത് പ്രകാരം ബഹു. ധനകാര്യവകുപ്പുമന്ത്രി അന്യസംസ്ഥാന ലോട്ടറികളുടെ നിയമലംഘനം കേന്ദ്ര ആഭ്യന്തരമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

3. ബഹു. മുഖ്യമന്ത്രി 1-1-2009-ലെ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം അന്യസംസ്ഥാന ലോട്ടറികളുടെ നിയമലംഘനം വിജിലൻസ് റിപ്പോർട്ട്സഹിതം പ്രധാനമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

4. കേരളത്തിലെ പ്രമുഖ രാഷ്ട്രീയ നേതാക്കൾ ഒന്നടങ്കം അന്യസംസ്ഥാന ലോട്ടറികൾക്കെതിരെ കേന്ദ്ര ഗവൺമെന്റിന് 11-8-2009-ന് ഒരു മെമ്മോറാണ്ടം സർപ്പിച്ചിരുന്നു.

5. 18-9-2010-ലെ സർക്കാർ കത്ത് പ്രകാരം അന്യസംസ്ഥാന ലോട്ടറികളിലെ വില്പനയിലും, സമ്മാനവാഗ്ദാനങ്ങളിലുമുള്ള അഴിമതികൾ സംബന്ധിച്ച് കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്. 1998-ൽ നിലവിൽവന്ന കേന്ദ്ര ലോട്ടറി റെഗുലേഷൻ നിയമത്തിന് ചട്ടങ്ങൾ നിലവിൽവന്നത് 1-4-2010-ൽ മാത്രമാണ്. ഈ ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള നിബന്ധനകൾപ്രകാരമുള്ള വസ്തുതകൾ ഹാജരാക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

പ്രമോട്ടർമാരോട് നിഷ്കർഷിച്ചുകൊണ്ടുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കേരള ടാക്സ് ഓൺ പേപ്പർ ലോട്ടറീസ് നിയമത്തിലും ചട്ടങ്ങളിലും ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഇതിനുപുറമേ ലോട്ടറി വിഷയത്തെ സംബന്ധിച്ച് ശ്രീ. സിബി മാത്യൂസ്, പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ (ഇന്റലിജൻസ്)-ന്റെ നേതൃത്വത്തിൽ ഒരു മോണിട്ടറിംഗ്സെല്ലും സർക്കാർ രൂപീകരിച്ചു. ഈ മോണിറ്ററിംഗ് സെല്ലിൽ ലോട്ടറി സംബന്ധമായ അന്വേഷണത്തെപ്പറ്റിയുള്ള മേൽനോട്ടം വഹിക്കാൻ, സംസ്ഥാനത്തിനകത്ത് കടത്തുന്ന ലോട്ടറി ടിക്കറ്റിന്റെ സംഭരണം, വിതരണം, വിൽപ്പന എന്നിവ ലോട്ടറി റെഗുലേഷൻ ആക്ട് റൂൾ പേപ്പർ ലോട്ടറീസ് ആക്ട് നിയമം എന്നിവ പ്രകാരമാണെന്ന് ഉറപ്പാക്കുന്ന ചുമതലയാണ് നിക്ഷിപ്തമായിരിക്കുന്നത്.

(ബി) ഇതുസംബന്ധിച്ച കേസ് ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലാണ്.

(സി) ബഹു. ഹൈക്കോടതി WP(C)33409/2010(A)നമ്പർ കേസിലെ 21-1-2011-ലെ ഉത്തരവിൽ 31-ാം ഖണ്ഡികയിൽ ബി.ആർ.എന്റർപ്രൈസസ് കേസിലേയും മറ്റ് വിധികളുടെയും അടിസ്ഥാനത്തിൽ ലോട്ടറി റെഗുലേഷൻ ചട്ടലംഘനങ്ങൾ കണ്ടെത്തുകയാണെങ്കിൽ, ഒരു സംസ്ഥാന സർക്കാരിന് ആയത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരാൻ മാത്രമേ കഴിയുകയുള്ളൂ എന്നും, നടപടി സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാർ ആണെന്നും നിരീക്ഷിക്കുകയുണ്ടായി. വിധിയുടെ 32-ാം ഖണ്ഡികയിൽ റെഗുലേഷൻ ആക്ടിന്റെ സെക്ഷൻ 5 പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാരിന് സംസ്ഥാനത്തിനെ ഒരു ലോട്ടറി ഫ്രീ സോൺ ആയി പ്രഖ്യാപിച്ച് സമൂഹനന്മയെ സംരക്ഷിക്കാവുന്നതാണ് എന്നും അഭിപ്രായപ്പെടുകയുണ്ടായി.

(ഡി) കേന്ദ്രനിയമങ്ങളെ കാറ്റിൽപ്പറത്തി അന്യസംസ്ഥാന ഗവൺമെന്റിന്റെ പേരുപയോഗിച്ച് സ്വകാര്യ വ്യക്തികൾ നടത്തുന്ന ലോട്ടറികളാണ് ഇവിടെ നിലനിന്നിരുന്നത്. നിയമവും ചട്ടവും പാലിച്ച് പൂർണ്ണമായും സുതാര്യമായിട്ടാണ് കേരള സംസ്ഥാന ഭാഗ്യക്കുറിനടത്തുന്നത്. എന്നാൽ ചൂതാട്ട മാതൃകയിൽ നടത്തിവരുന്ന അന്യസംസ്ഥാന ലോട്ടറികൾ വ്യക്തികളെ ഇതിന് അടിമപ്പെടുത്തുകയും സംസ്ഥാനത്തിന്റെ സ്വത്ത് ചൂഷണംചെയ്യുകയും ചെയ്യുന്നു. ഇങ്ങനെയുള്ളവരെ നിയന്ത്രിക്കാൻ അതാതു സംസ്ഥാനങ്ങൾക്ക് അധികാരം നൽകുകയാണുവേണ്ടത്. സുതാര്യമായിനടക്കുന്ന കേരള സംസ്ഥാനഭാഗ്യക്കുറി സംരക്ഷിക്കപ്പെടണമെന്നതാണ് സർക്കാർ നിലപാട്.

(ഇ) ബഹു. ഹൈക്കോടതി വിധിക്കെതിരെ സർക്കാർ റിട്ട് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

അന്യസംസ്ഥാന ലോട്ടറികളിൽനിന്ന് ലഭിച്ച നികുതി

187 (201) ശ്രീ. റ്റി. യു. കുരുവിള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കോടി രൂപയുടെ അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വിറ്റഴിച്ചുവെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly